(11) മലയോര വികസന അതോറിറ്റി

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്ത് ശ്രദ്ധക്ഷണിക്കലായി കൊണ്ടുവന്ന വിഷയമാണ് ഇപ്പോൾ സബ്മിഷനായി അവതരിപ്പിക്കുന്നത്. ഭരണഘടന വാഗ്ദാനം ചെയ്തിരുന്നതും നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയിരുന്നതുമായ മലയോര വികസന അതോറിറ്റി ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. 2003-ലെ ബഡ്ജറ്റിൽ മലയോര വികസന അതോറിറ്റിക്കുവേണ്ടി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എന്നാൽ മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടക്കാത്തതുമൂലം ഈ തുക വിനിയോഗിക്കാൻ കഴിയുന്നില്ല. തെരഞ്ഞെടുപ്പ് വാഗ്ദാനം പൂർത്തിയാക്കുന്നതിനും ബഡ്ജറ്റിൽ നീക്കിവെച്ച തുക ചെലവഴിക്കുന്നതിനും മലയോര നിവാസികളുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനും അടിയന്തിരമായി നിയമനിർമ്മാണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, മലയോര പ്രദേശത്തെ സാമ്പത്തിക വളർച്ചയ്ക്ക് ഗതാഗതം, ശുദ്ധജല വിതരണം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കണക്കിലെടുത്ത് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിന് ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കുമെന്ന് 2001-2002-ലെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പു മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അതേത്തുടർന്ന് മലയോര വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ സമഗ്രമായ ഒരു നിർദ്ദേശം നൽകുന്നതിന് ഇന്നത്തെ റവന്യൂ സെക്രട്ടറി ശ്രീ. സാജൻ പീറ്റർ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയുണ്ടായി. എന്നാൽ പുതിയ വികസന അതോറിറ്റികളുടെ രൂപീകരണം തങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുമെന്നുള്ള ആരോപണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. അതുകൊണ്ട് ഇതിനെക്കുറിച്ച് വിശദമായി ചർച്ച നടത്തി ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കുന്നതാണ്.

(12) കബനി നദിയിലെ വെള്ളം വയനാട് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, കബനി നദിയിൽകൂടി ഒഴുകിപ്പോകുന്ന വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി വയനാട് ജില്ലയിലെ മുള്ളംകൊല്ലി, പുൽപ്പള്ളി, മാനന്തവാടി തുടങ്ങിയ പഞ്ചായത്തുകളിൽ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്തണമെന്നുള്ളതാണ് ആവശ്യം. വയനാട്ടിലെ അഞ്ച് പുഴകൾ ചേർന്നാണ് കബനി നദി ഉത്ഭവിച്ച് വയനാട്ടിലൂടെ ഏറെദൂരം ഒഴുകി കർണ്ണാടകത്തിൽ എത്തിച്ചേരുന്നത്. അന്തർ സംസ്ഥാന നദീജല കരാറിൽ ഉൾപ്പെട്ട പ്രസ്തുത നദിയിലെ വെള്ളം കേരളത്തിന് ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly